"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ ഉപയോഗശൂന്യമായ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു നീക്കം ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2563/2023/LSGD തീയതി,തിരുവനന്തപുരം, 25-12-2023

---

പരാമർശം:-
1. 07/08/2017 ലെ സ.ഉ.(പി) നം.102/2017/ഫിൻ
2. ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/6/2023 തിയതിയിലെ സാധാരണ മീറ്റിംഗിലെ 2/1, 2/2 നമ്പർ തീരുമാനം.
3. തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ് ഡയറക്ടറുടെ 14/08/2023-ലെ LSGD/PD/50092/ 2023-REV1 നമ്പർ കത്ത്.
4. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 10/11/2023 ലെ LSGD/PD/59896/2023-DB6 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ ഉപയോഗശൂന്യമായ ഷോപ്പിംഗ് കോംപ്ലക്സ് (13/425 മുതൽ 451 വരെ) 40 വർഷം കാലപ്പഴക്കം ഉള്ളതിനാൽ പൊളിച്ചു മാറ്റുന്നതിന് ഇലന്തൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ പഞ്ചായത്ത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച മൂല്യനിർണയവും സർവ്വേ റിപ്പോർട്ടും ഉൾപ്പെടുത്തി പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടർ മുഖേന ലഭ്യമായ ശുപാർശ പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

2.പ്രസ്തുത കെട്ടിടത്തിന്റെ ആകെ അസസ് മെന്റ് മൂല്യം 514807/- രൂപയും ഇതിൽനിന്നും ഡിസ്മാന്റിലിങ് ചാർജ് 455291/- രൂപ കിഴിവ് ചെയ്തിട്ടുള്ള 59516/- രൂപ മൂല്യത്തിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ മൂല്യം 3 ലക്ഷത്തിന് മുകളിലായതിനാൽ പരാമർശം (1) പ്രകാരം അനുമതിക്കായി തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 27 മുറികൾ അടങ്ങുന്ന പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന് 40 വർഷത്തെ പഴക്കമുണ്ടെന്നും, framed structure ആയി നിർമ്മിച്ചിട്ടുള്ള ടി കെട്ടിടം തീർത്തും അപകടാവസ്ഥയിലാണെന്നും കോൺക്രീറ്റ് ബീമുകൾ, സ്ലാബുകൾ, പില്ലറുകൾ എന്നിവയുടെ

കോൺക്രീറ്റ് അടർന്നുവീഴുകയും, പല സ്ഥലങ്ങളിലും സാരമായ വിള്ളലുകൾ വീണ് കമ്പി തെളിഞ്ഞിരിക്കുന്ന അവസ്ഥയിലാണ് എന്നും, ഈ കമ്പികളിൽ തുരുമ്പ് ബാധിച്ചിരിക്കുന്നതായി കാണുന്നു എന്നും, കെട്ടിടത്തിന്റെ സ്ട്രക്ചറിൽത്തന്നെ ഗുരുതരമായ തകരാറുകൾ കണ്ടെത്തിയ സാഹചര്യത്തിൽ ടി കെട്ടിടം ഘടനാപരമായി സുരക്ഷിതമല്ലെന്നും പ്രവർത്തനത്തിന് യോഗ്യമല്ലന്നും അസിസ്റ്റന്റ് എഞ്ചിനീയർ Unfit സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട് എന്നും പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും ശുപാർശ ചെയ്തിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മാർക്കറ്റിലെ ആകെ 5,14,807/- രൂപ മൂല്യം വരുന്ന ഉപയോഗശൂന്യമായ 27 മുറികൾ അടങ്ങുന്നതും 40 വർഷത്തെ പഴക്കമുള്ളതുമായ ഷോപ്പിംഗ് കോംപ്ലക്സ് (13 /425 മുതൽ 451 വരെ) 4,55,291/-രൂപ ചെലവിൽ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഇലന്തൂർ ഗ്രാമപഞ്ചായത്ത്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഐ& പി.ആർ.ഡി (വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira V
Date: 26-12-2023 10:14:04
സെക്ഷൻ ഓഫീസർ